# ഗോത്ര ദൈവ വിഗ്രഹം തകർത്തു

കഴിഞ്ഞ ജനുവരി മാസത്തിൽ അട്ടപ്പാടിയിലെ ഗോത്രസമൂഹങ്ങളുടെ ആരാധനാകേന്ദ്രമായ മല്ലീശ്വരൻ മുടിയിലെ നന്ദി വിഗ്രഹവും ദീപസ്തംഭങ്ങളും നശിപ്പിക്കപ്പെട്ടു. പരമശിവൻെറ പ്രതിരൂപമെന്ന നിലയിൽ നൂറ്റാണ്ടുകളുടെ വിശ്വാസപാരമ്പര്യമാണ് മല്ലീശ്വരൻ മുടിക്കുള്ളത്. ജനുവരി 24 ന് അഗളി പോലീസ് സ്റ്റേഷനിൽ ഇതുമായി ബന്ധപ്പെട്ട പരാതി നൽകിയെങ്കിലും രാഷ്ട്രീയ സമ്മർദ്ദങ്ങൾക്ക് വിധേയമായി അന്വേഷണം മരവിപ്പിച്ചിരിക്കുകയാണെന്ന് ആദിവാസികൾ പരാതിപ്പെടുന്നു. ശ്രീനാരായണ പ്രതിമകൾക്കു നേരെ നടന്ന കൈയ്യേറ്റങ്ങൾ കേരളീയ സമൂഹത്തിൽ പ്രതിഷേധത്തെ ആളിക്കത്തിക്കുമ്പോൾ മല്ലീശ്വരൻമുടിയിലെ വിഗ്രഹഭഞ്ജനത്തിൻെറ പേരിൽ ഒരൊറ്റ പ്രതികരണം പോലും നടത്താൻ അട്ടപ്പാടിയിലെ രാഷ്ട്രീയ പാർട്ടികളോ സാംസ്കാരിക സംഘടനകളോ തയ്യാറായിലായെന്നത് അർത്ഥഗർഭമാണ്. രാഷ്ട്രീയവും സാമൂഹ്യവും സാംസ്കാരികവുമായ ഒരു 'ബഹിഷ്കൃത സമൂഹ'ത്തിന് മാനുഷികമായ യാതൊരു പരിഗണനയും 'പരിഷ്കൃത സമൂഹം' അനുവദിച്ചു നൽകാൻ തയ്യാറല്ലെന്നതിൻെറ മറ്റൊരു സൂചന കൂടിയാണിത്. അട്ടപ്പാടി മേഖലയിൽ ഉരുൾപൊട്ടിയാൽ അഗ്നിപർവ്വത സ്ഫോടനം നടന്നെന്നും കാറ്റുവീശിയാൽ കൊടുങ്കാറ്റ് ഊതിയെന്നും എഴുതിതള്ളുന്ന പത്രങ്ങൾക്കും മിണ്ടാട്ടമില്ല.

ആദിവാസികളുടെ പുരാവൃത്തങ്ങളിലും ഐതിഹ്യങ്ങളിലും നിറഞ്ഞുനിൽക്കുന്ന 'കൊടുമുടി'യാണ് സമുദ്രനിരപ്പിൽ നിന്ന് 1664 മീറ്റർ ഉയരത്തിൽ സ്ഥിതിചെയ്യുന്ന മല്ലീശ്വരൻ മുടി.കരുവാര ഊരൊഴികെ 171 ആദിവാസി ഊരുകളിൽ നിന്നും കാണാവുന്ന മല്ലീശ്വരൻ മുടിയെ ഏറെ ഭയ-ഭക്തികളോടെയാണ് ആദിവാസികൾ സമീപിക്കുന്നത്. ഇരുളരും, മുഡുഗരും കുറുമ്പരും ഗോത്രവർഗ്ഗഭേദങ്ങളില്ലാതെ ഏകമനസ്സോടെ മല്ലീശ്വരൻ മുടിയെ ആരാധിച്ചുപോരുന്നു. എല്ലാ ആണ്ടിലും ശിവരാത്രി ദിനങ്ങളിലാണ് മല്ലീശ്വരൻ മുടിയിലെ ഉത്സവം സംഘടിപ്പിക്കുന്നത്.

ഈ വിഗ്രഹ ഭഞ്ജനവുമായി ബന്ധപ്പെട്ട് മുഖ്യമായും നാലു നിരീക്ഷണങ്ങളാണുള്ളത്. ആദിവാസി വിഭാഗങ്ങൾ തമ്മിലുള്ള അഭിപ്രായ വ്യത്യാസത്തിൻെറ പേരിലാണ് ഇത് സംഭവിച്ചത് എന്നാണ് ഒരു വാദം. രാഷ്ട്രീയ പാർട്ടികളാണ് ഇത് പ്രചരിപ്പിക്കുന്നത്. വിനോദ സഞ്ചാരികളായി മലകയറിയ ചിലർ മദ്യപിച്ചു ലക്കുകെട്ടപ്പോൾ ചെയ്ത പ്രവൃത്തിയാണ് ഇതെന്നാണ് മറ്റൊരു വിലയിരുത്തൽ. ആദിവാസി വിഭാഗങ്ങൾ തമ്മിൽ ഐക്യപ്പെടുന്നത് തടയുന്നതിനുവേണ്ടിയും തങ്ങൾക്ക് അനുകൂലമായി ആദിവാസികളെ അടർത്തിനിർത്തുന്നതിനും വേണ്ടിയും രാഷ്ട്രീയ പാർട്ടികളുടെ സഹായത്തോടെ നടത്തിയ ഒരു പാതകം ആണ് ഇതെന്ന് ഗിരിജൻ-സേവക് സമിതി ആരോപിക്കുന്നു. മറ്റൊന്ന് ആദിവാസി സമൂഹത്തെ തങ്ങൾക്ക് അനുകൂലമായി മാറ്റിയെടുക്കുന്നതിനുവേണ്ടി വളരെ ബോധപൂർവ്വമായി ആർ.എസ്.എസ്. ആസൂത്രണം ചെയ്ത ഒരു പരിപാടിയാണ് എന്നതാണ്:

അടുത്ത കാലത്തായി അട്ടപ്പാടിയിലെ ആദിവാസി മേഖലയിൽ ആർ.എസ്.എസ് പ്രവർത്തനം വളരെ ഊർജ്ജിതമാണെന്നത് സത്യമാണ്. അട്ടപ്പാടിയിൽ മാത്രമല്ല; കേരളത്തിലെ എല്ലാ ആദിവാസി മേഖലകളിലും 'വനവാസി കല്യാൺ' എന്ന ലേബലിൽ ആർഎസ്.എസിൻെറ നുഴഞ്ഞുകയറ്റം നടക്കുന്നുണ്ട്. ആദിവാസി മേഖലകളിൽ കമ്മ്യൂണിസ്റ്റ്തീവ്രവാദ ഗ്രൂപ്പുകൾ പിടിമുറുക്കുന്നുവെന്ന വാർത്തകൾ നിർമ്മിച്ച് മാധ്യമങ്ങൾ ഈ യാഥാർത്ഥ്യത്തെ തമസ്കരിക്കുകയാണ്.

മേൽ സൂചിപ്പിച്ചഒന്നാമത്തെ നിരീക്ഷണത്തിന്യാതൊരു അടിസ്ഥാനവുമില്ലെന്ന് നിസ്സംശയം പറയാനാവും. മല്ലീശ്വരൻ മുടിയുടെ പേരിൽ ഒരു കടുത്ത അഭിപ്രായ വ്യത്യാസവും ആദിവാസികൾ തമ്മിലില്ല. ഉണ്ടെങ്കിൽ തന്നെ ആദിവാസി സംസ്കാരത്തെ പ്രതി സാമാന്യബോധമെങ്കിലും ഉള്ളവർക്കറിയാം ഇത്തരം ഒരു വിഗ്രഹഭഞ്ജനം അവർക്ക് ഒരിക്കലും സാധ്യമല്ലെന്ന്.

രാഷ്ട്രീയക്കാരുടെ ആസൂത്രിത ഗൂഢാലോചന എന്ന ഗിരിജൻ സേവക് സമിതിയുടെ ആരോപണത്തിലും വേണ്ടത്ര കഴമ്പുണ്ടെന്ന് തോന്നുന്നില്ല. പ്രതികളെ രക്ഷപ്പെടുത്താൻ ഏതെങ്കിലും രാഷ്ട്രീയ പാർട്ടി ശ്രമിച്ചുകൂടായ്കയില്ല എന്നത് നേരാണ്. കാരണം ആദിവാസി മേഖലയിലെ രാഷ്ട്രീയ പാർട്ടികളുടെ പൊതുമനശ്ശാസ്ത്രം ആദിവാസി വിരുദ്ധമാണ്.

ആർഎസ്.എസിൻെറ ആസൂത്രിത നീക്കം എന്നതിനും വ്യക്തമായ സൂചനകൾ ഒന്നുമില്ല. എന്നാൽ അവരുടെ ചരിത്രവും സംസ്ക്കാരവും വെച്ച് അവർ അത് ചെയ്യില്ലെന്ന് പറയാൻ കഴിയില്ല. പ്രത്യേകിച്ച് ആദിവാസി മേഖലകളിൽ എങ്ങനെയെങ്കിലും വേരുറപ്പിക്കാനുള്ള തീവ്രയത്നത്തിലാണ് അവർ. പെന്തക്കോസ്ത് മിഷൻെറ പ്രവർത്തനങ്ങളോട് ആദിവാസികളിൽ വർദ്ധിച്ചുവരുന്ന അസംതൃപ്തി തുടങ്ങിയവ ആർ.എസ്.എസിന് അനുകൂല ഘടകങ്ങളായുണ്ട്.

വിഗ്രഹഭഞ്ജനത്തിൻെറ കാരണക്കാർ ആരായാലും അവരെ എത്രയും പെട്ടെന്ന് വെളിച്ചത്തുകൊണ്ടുവരികയാണ് ആവശ്യം. (ഫെബ്രുവരി 27 ന് ഈ ആവശ്യങ്ങൾ ഉന്നയിച്ച് ജി.എസ്.എസ് പ്രകടനവും പൊതുയോഗവും അഗളിയിൽ സംഘടിപ്പിച്ചിരുന്നു.)

*സിദ്ധാർത്ഥൻ*